LIBRARY ARCHIVES Kerala Legislative Assembly

തീരദേശ വികസന പദ്ധതികൾ

145 (3655) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്നും അതിനായി നീക്കി വച്ച തുകയെത്രയെന്നും എത്ര തുക ഓരോ പദ്ധതികൾക്കായും ഓരോ വർഷവും വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതും പൂർത്തീകരിക്കാനുള്ളതായ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്ക് നീക്കിവെച്ച തുകയെത്രയെന്നും ചെലവാക്കിയ തുകയെത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളും അതിനായി നീക്കിവച്ച തുകയും ഓരോ പദ്ധതിക്കും ഓരോ വർഷവും വിനിയോഗിച്ച തുകയും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതും പൂർത്തീകരിക്കാനുള്ളതുമായിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

തീരദേശ റോഡ് നവീകരണ പദ്ധതി

146 (3656) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡു നവീകരണപദ്ധതിയിലുൾപ്പെടുത്തി വർക്കല ചിറയിൻകീഴ് താലൂക്കുകളിലെ ഏതെല്ലാം റോഡുകൾ നവീകരിക്കാൻ 2015-16 വർഷം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വക്കം, അഞ്ചുതെങ്ങ് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് വേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരദേശറോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തി വർക്കല, ചിറയിൻകീഴ് താലൂക്കുകളിലെ താഴെ പറയുന്ന റോഡുകൾ നവീകരിക്കാൻ 2015-16 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്:

1	വർക്കല മുനിസിപ്പാലിറ്റിയിലെ ചിലക്കൂർ വള്ളക്കടവ് ടി.ബി. ജംഗ്ഷൻ റോഡ്
2	വർക്കല മുനിസിപ്പാലിറ്റിയിലെ. എസ്.വി. പുരം ലക്ഷംവീട് കോളനി റോഡ്
3	വെട്ടൂർ പഞ്ചായത്തിലെ മൂലക്കട-വാറഴികം റോഡ്
4	വെട്ടൂർ പഞ്ചായത്തിലെ കുഴുത്തുമുട് പമ്പ് ഹൗസ് റോഡ്
5	ഇടവ ഗ്രാമപഞ്ചായത്തിലെ ചീനക്കാവ് തീരദേശറോഡ്
6	ചിറയിൻകീഴ് പഞ്ചായത്തിലെ സെന്റ് ജെയിംസ് ചർച്ച് റോഡ് മുതൽ സുനാമി പുനരധിവാസം വരെയുള്ള റോഡ്

മേൽപറഞ്ഞിട്ടുള്ള ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

നിർമ്മാണ സ്ഥലം പഞ്ചായത്ത് അധികാരികൾ ഏറ്റെടുത്ത് ലഭ്യമാക്കിയാലുടൻ തന്നെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ ധനസഹായ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly